# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 366 28.01.2019-ൽ മറുപടിക്ക്

## പുരാവസ്തു വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ

**ചോദ്യം**

ശ്രീ.സി.കെ. ഹരീന്ദ്രൻ
ശ്രീ.എം. സ്വരാജ്
ശ്രീ.മുരളി പെരുനെല്ലി
ശ്രീ.കാരാട്ട് റസാഖ്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുരാവസ്തു വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | പുരാവസ്തു വകുപ്പിന്റെ വിവിധ മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി.<br><br>തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം ഗുഹാക്ഷേത്രം, മാന്നാർ തൃക്കുരട്ടി മഹാദേവർ ക്ഷേത്രം, ഇടുക്കിയിലെ മുനിയറകൾ, മാളയിലെ യഹൂദസ്മാരകങ്ങൾ, മാനാഞ്ചിറ ശ്രീ ഭദ്രകാളിക്ഷേത്രം, വാഴവേലിൽ തറവാട് വീട്, കണ്ണൂർ ജില്ലയിലെ കണ്ടോന്താർ ജയിൽ എന്നിവ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചു.<br><br>മറുനാടൻ മലയാളികളിൽ പൈതൃക അവബോധം വളർത്തുന്നതിന്റെ ഭാഗമായി 2017 ഒക്ടോബറിൽ ന്യൂഡൽഹിയിൽ സംഘടിപ്പിക്കപ്പെട്ട കേരളാ-ഡൽഹി സാംസ്കാരിക പൈതൃകോത്സവത്തിൽ വകുപ്പ് പുരാവസ്തു പ്രദർശനങ്ങൾ, സെമിനാർ, കുട്ടികൾക്കായി വിവിധ ചരിത്ര – പൈതൃക ബോധവൽക്കരണ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു.<br><br>കണ്ണൂർ ജില്ലയിലെ കണ്ടോന്താർ ട്രാൻസിറ്റ് ജയിൽ, പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ എന്നിവയുടെ സമഗ്ര സംരക്ഷണ പ്രവർത്തികൾ പൂർത്തിയാക്കി പൊതു ജനങ്ങൾക്ക് തുറന്നുകൊടുത്തു.<br><br>പത്മനാഭപുരം കൊട്ടാരത്തിലെ വലിയ ഊട്ടുപുര, പാൽപ്പുര മാളിക, ക്ലോക്ക് ടവർ എന്നിവയുടെ സമഗ്ര സംരക്ഷണ പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടത്തുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ തിരുവനന്തപുരത്തെ നിയമസഭാ മ്യൂസിയത്തിന്റേയും പ്രവേശന കവാടത്തിന്റേയും കാവൽ ഗോപുരത്തിന്റേയും സംരക്ഷണ പ്രവർത്തികൾ പൂർത്തിയാക്കി.<br><br>മലബാർ മേഖലയുടെ ചരിത്ര പൈതൃക അവബോധം വളർത്തുന്നതിന്റെ ഭാഗമായി 2018 ഫെബ്രുവരിയിൽ കണ്ണൂരിൽ മലബാർ പൈതൃകോത്സവം സംഘടിപ്പിക്കുകയുണ്ടായി<br><br>നവീന മാതൃകയിലുള്ള മ്യൂസിയം സജ്ജീകരണത്തിനും സംരക്ഷണ പ്രവർത്തനങ്ങൾക്കും ശേഷം തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് കോയിക്കൽ കൊട്ടാര മ്യൂസിയം പൊതുജനങ്ങൾക്കായി 2018 ജൂണിൽ തുറന്നുകൊടുത്തു.<br><br>യുനെസ്കോയുടെ ലോക പൈതൃക പട്ടികയുടെ സാധ്യതാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള തക്കല പത്മനാഭപുരം കൊട്ടാരത്തിനായി വെബ് സൈറ്റ് തയ്യാറാക്കുകയും വകുപ്പിനായി You Tube Channel Launch ചെയ്യുകയും ഉണ്ടായി.<br><br>ഉത്തര മലബാറിലെ വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളെ കോർത്തിണക്കി ഡിജിറ്റൽ ഭൂപടം തയ്യാറാക്കുന്നതിനുള്ള പദ്ധതി വകുപ്പ് ആരംഭിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം കോട്ടയ്ക്കകത്തെ പൈതൃക സ്മാരകങ്ങളെ/പ്രദേശങ്ങളെ കോർത്തിണക്കി ഡിജിറ്റൽ ദൃശ്യ ശ്രവ്യ സഹായി വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.<br><br>നേപ്പിയർ മ്യൂസിയം വളപ്പിലെ പഴയ ബാന്റ് സ്റ്റാന്റ് പുരാവസ്തു വകുപ്പ് ഘടനാപരമായ സംരക്ഷണത്തിന് വിധേയമാക്കുകയുണ്ടായി. |
| (ബി) | പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള നാണയശേഖരം സമഗ്രമായ പരിശോധനയ്ക്കും പ്രമാണീകരണത്തിനും വിധേയമാക്കി പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പ്രയോജനപ്രദമാകുന്ന രീതിയിൽ പ്രദർശിപ്പിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; | (ബി) | പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള നാണയ ശേഖരങ്ങൾ, ശാസ്ത്രീയമായി പ്രാമാണീകരിക്കുന്നതിനുള്ള പദ്ധതിക്ക് വകുപ്പ് തുടക്കം കുറിക്കുകയും ആദ്യ ഘട്ടം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട് രണ്ടാം ഘട്ടം ഉടൻതന്നെ ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പുരാവസ്തുക്കളുടെ ശാസ്ത്രീയ സംരക്ഷണം, ഉദ്ഖനന പ്രവർത്തനങ്ങൾ, നാണയ പഠനം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് പുതിയ ഗവേഷണങ്ങൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (സി) | പുരാവസ്തു വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ഡൽഹി നാഷണൽ മ്യൂസിയത്തിൽ വച്ച് സമഗ്ര പരിശീലനം ലഭ്യമാക്കി വരുന്നു. പരിശീലനം സിദ്ധിക്കുന്ന ജീവനക്കാരെ പ്രയോജനപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. |
| (ഡി) | വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങളിൽ സൂക്ഷിച്ചിട്ടുള്ള പുരാവസ്തുക്കളുടെ ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | നടപടി സ്വീകരിച്ചു വരുന്നു. പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള കൃഷ്ണപുരം പാലസ് മ്യൂസിയം, തൃശ്ശൂർ ശക്തൻ തമ്പുരാൻ മ്യൂസിയം എന്നിവയിലെ ആർട്ടിഫാക്ട്സ് ഡിജിറ്റൈസ് ചെയ്യുന്നതിനു ധന സഹായം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് തൃശ്ശൂർ ശക്തൻ തമ്പുരാൻ മ്യൂസിയത്തിന് കേന്ദ്രധനസഹായം ലഭ്യമാക്കുന്നതാണെന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ